<u>പതിമൂന്നാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം</u> **18 . 3 . 2 0 1 3** <u>ന് മറുപടിക്ക്</u>

<u>നമ്പർ: 224</u>

## <u>ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചതിനെതിരെ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.കെ.അച്ചുതൻ :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എ.റ്റി.ജോർജ്ജ് :<br>ശ്രീ.ഹൈബി ഈഡൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചത് സംബന്ധിച്ച വി.സി.1/12/കെ.എസ്.ഡി എന്ന കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ട്. |
| (ബി) ഈ കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ;<br><br>(സി) കുറ്റക്കാരെ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) യും (സി) യും<br>ഈ കേസിൽ താഴെപ്പറയുന്നവർക്കെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളത്.<br>1. എ1- ശ്രീ.വി.എസ്.അച്യുതാനന്ദൻ, പ്രതിപക്ഷ നേതാവ്.<br>2. എ2 - ശ്രീ.കെ.പി.രാജേന്ദ്രൻ, മുൻ റവന്യൂ വകുപ്പ് മന്ത്രി.<br>3. എ5 - ശ്രീ.റ്റി.കെ.സോമൻ<br>4. എ6- ശ്രീ.എൻ.എ.കൃഷ്ണൻകുട്ടി ഐ.എ.എസ്, കാസർഗോഡ് മുൻ കളക്ടർ<br>5. എ8 - ശ്രീ.സുരേഷ്. പ്രതിപക്ഷ നേതാവിന്റെ പേർസണൽ അസിസ്റ്റന്റ് |
| (ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WA 2138/12 നമ്പർ അപ്പീൽ പെറ്റീഷനിലുള്ള 6.12.2012 -ലെ ഉത്തരവിൻ പ്രകാരം അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നത് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ തടഞ്ഞിട്ടുണ്ട്. |

Manjith

സെക്ഷൻ ആഫീസർ